# GOOD WORK DONE

വർക്ക് ഷോപ്പുകൾ കേന്ദ്രീകരിച്ച് മോഷണം നടത്തിയിരുന്ന മോഷ്ടാവിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു.





ഇടുക്കി ജില്ല ഉപ്പുതറ വില്ലേജ് പശുപ്പാറ കരയിൽ മലയിൽ പുതുവായിൽ ഭാഗത്ത് കാലപറമ്പിൽ വീട്ടിൽ സലിം മകൻ 26 വയസ്സുള്ള അൻസാർ @ റിയാസ് ആണ് പിടിയിലായത്. മോഷണം നടന്ന എല്ലാ സ്ഥലങ്ങളിലും ചില പ്രത്യേകതകളോടു കൂടിയ പിക് അപ്പ് വാഹനം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മോഷണം നടന്ന എല്ലാ സ്ഥലങ്ങളോടും ചേർന്ന പ്രദേശങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ച് ഒരു മാസത്തോളം നടത്തിയ അന്വേഷണത്തിനൊടുവിലാണ് കൃത്യത്തിന് ഉപയോഗിച്ച വ്യാജ നമ്പരിലുള്ള പിക് അപ്പ് വാഹനം സഹിതം പ്രതിയെ പിടികൂടിയത് .






പുതിയ സ്ഥലങ്ങളിൽ മോഷണം ആസൂത്രണം ചെയ്തു മാരകായുധങ്ങളുമായി വരുന്നതിനിടയിലാണ് പ്രതിയെ അതി സാഹസികമായി കട്ടപ്പന ഡി.വൈ.എസ്.പി എൻ.സി രാജ്മോഹന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം 24. 10. 2019 പുലർച്ചെ കുട്ടിക്കാനം ഭാഗത്തുനിന്നും അറസ്റ്റ് ചെയ്തത്. രാത്രികാലങ്ങളിൽ ടി പിക്കപ്പ് വാഹനത്തിൽ സഞ്ചരിച്ച് ഇടുക്കി, എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ വർക്ക്ഷോപ്പുകൾ, ബാറ്ററി കടകൾ എന്നിവ കേന്ദ്രീകരിച്ചും റോഡരികിൽ നിർത്തിയിട്ടിരുന്ന വലിയ വാഹനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ ബാറ്ററികളും വർക്ക്ഷോപ്പ് ഉപകരണങ്ങളും സ്പെയർപാർട്സ്കളും മറ്റും ഇയാൾ

മോഷ്ടിച്ചിരുന്നു.

ഇടുക്കി ജില്ലയിലെ ഉപ്പുതറ, ഏലപ്പാറ, കട്ടപ്പന, നെടുങ്കണ്ടം എന്നിവിടങ്ങളിൽ നിന്നും കോട്ടയം ജില്ലയിലെ പള്ളിക്കത്തോട്, മുണ്ടക്കയം ഭാഗങ്ങളിൽനിന്നും എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നും സമാനമായ രീതിയിൽ മോഷണം നടത്തിയതിൽ നിന്നായി ഏകദേശം പത്തുലക്ഷത്തോളം രൂപയുടെ മുതലുകൾ പ്രതി മോഷ്ടിച്ചിട്ടുണ്ട്.



കട്ടപ്പന ഡി.വൈ.എസ്.പി-യുടെ നേതൃത്വത്തിൽ കട്ടപ്പന പോലീസ് ഇൻസ്പെക്ടർ വി.എസ് അനിൽകുമാർ, എസ്.ഐ സന്തോഷ് സജീവ്, നെടുങ്കണ്ടം എസ്.ഐ കിരൺ, കട്ടപ്പന ഡി.വൈ.എസ്.പി-യുടെ പ്രത്യേക അന്വേഷണ സംഘത്തിലെ എ.എസ്.ഐ സജിമോൻ ജോസഫ് പോലീസുകാരായ ബേസിൽ.പി ഐസക്, സുബൈർ.എസ്, അഭിലാഷ്, ഗ്രേസൺ ആൻറണി എന്നിവരടങ്ങിയ പ്രത്യേക അന്വേഷണ സംഘമായിരുന്നു കേസ് അന്വേഷിച്ചത്.

*************************